"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പരിസ്ഥിതി വകുപ്പ് - **2025–26** സാമ്പത്തിക വർഷത്തിൽ **"2215-02-190-98-01-NP"** എന്ന ഹെഡ് ഓഫ് അക്കൗണ്ടിന് കീഴിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് നോൺ-പ്ലാൻ ഗ്രാന്റിന്റെ ആദ്യ ഗഡുവായി **33.69** ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.**21/2026/ENVT** തീയതി,തിരുവനന്തപുരം, **21-03-2026**

---

പരാമർശം:- 1. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ **31/12/2025** തീയതിയിലെ **KSPCB /983/2025-ACO** നമ്പർ കത്ത്

2. **24.07.2025** തീയതിയിലെ **GO(Rt)No.72/2025/ENVT** ഉത്തരവ്

**ഉത്തരവ്**

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് **2025-26** സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര ചെലവുകൾക്കായി അംശദാനമായി അനുവദിച്ച **84.24** ലക്ഷം രൂപ അനുവദിക്കണമെന്ന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി പരാമർശം (1) പ്രകാരം സർക്കാരിനോട് ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **2025–26** സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് പദ്ധതിയേതര ചെലവുകൾക്കായി **"2215-02-190-98-01-NP"** എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നോൺ-പ്ലാൻ ഗ്രാന്റിന്റെ ആദ്യ ഗഡുവായി **33.69** ലക്ഷം രൂപ (മുപ്പത്തി മൂന്നു ലക്ഷത്തി അറുപത്തി ഒമ്പതിനായിരം രൂപ മാത്രം) ചുവടെ ചേർക്കുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചു് ഉത്തരവാകുന്നു:

1. പ്രസ്തുത തുക ട്രഷറി **STSB** അക്കൗണ്ടിൽ **(non interest bearing)** അല്ലാതെ ബാങ്കുകളിലോ മറ്റു ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കുവാൻ പാടില്ല.

2. **29/08/2009** ലെ സർക്കുലർ നം. **75/09**/ധനത്തിലെയും **09/12/2008** ലെ സർക്കുലർ നമ്പർ **84/2008**/ ധനത്തിലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

3. അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09/01/2020 ലെ സ.ഉ. (കൈ) നം. 4/2020/ ധന പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധനവകുപ്പിന് സമർപ്പിക്കേണ്ടതാണ്.

4. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**UNNIKUTTAN S S**

അണ്ടർ സെക്രട്ടറി

1. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള
3. ധനകാര്യ വകുപ്പ് (പി.യു.സി) വകുപ്പ് (No.3403249/PU-C4/15/2026/FIN)
4. ഡയറക്ടർ, ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ ) വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
5. കരുതൽ ഫയൽ /ഓഫീസ് കോപ്പി ( ENVT-A1/16/2026-ENVT)

ഉത്തരവിൻ പ്രകാരം

Signed by Royi J
Date: 23-03-2026 09:46:44

സെക്ഷൻ ഓഫീസർ